ഉത്തരം

വെള്ളല്ലൂരിൽ ഉള്ളത് ഹരിജൻ കോളനിയല്ല; ഹരിജൻ സങ്കേതമാണുള്ളത്. അവിടെ ഇതിനകം 22 കുടുംബങ്ങൾക്ക് വീടുകൾ വയറിംഗ് ചെയ്യുന്നതിനും, 7 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനും, 2 കുടുംബങ്ങൾക്ക് കുളിമുറി നിർമ്മിക്കുന്നതിനും, 16 കുടുംബങ്ങൾക്ക് പുറം ഓലമേയുന്നതിനും ഗ്രാൻറ് നൽകിയിട്ടുണ്ട്.

കൈപ്പറമുക്ക് ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1768 [2690] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കൈപ്പറമുക്ക് ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കൈപ്പറമുക്ക് എന്ന സ്ഥലത്ത് പട്ടികജാതി വികസന വകുപ്പ് അംഗീകരിച്ചിട്ടുള്ള ഹരിജൻ കോളനിയോ ഹരിജൻ സങ്കേതമോ ഇല്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

പെരിങ്ങോട്ടുകോണം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1769 [2691] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോട്ടുകോണം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇവിടെ പട്ടികജാതി വികസന വകുപ്പ് അംഗീകരിച്ച കോളനിയില്ല. അതിനാൽ ഇവിടെ പ്രത്യേക പദ്ധതികളൊന്നും ഈ വകുപ്പ് നടപ്പാക്കിയിട്ടില്ല.

കുറവാൻകോട് ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1770 [2692] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

കിളിമാനൂർ നിയോജകമണ്ഡലത്തിലെ കുറവാൻകോട് ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly